ഭരണഭാഷ - മാതൃഭാഷ


സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
സൂപ്പർവൈസറി ഡെവലപ്പ്മെൻറ് സെൻറർ
കളമശ്ശേരി – 683 104.
വെബ് സൈറ്റ് - www.sdcentre.org
ഇ-മെയിൽ : sdckalamassery@gmail.com
Phone : 0484 2556530


കേരള സർക്കാർ

# ബിടെക്&ഡിപ്ലോമ ഇന്റർവ്യൂനിർദ്ദേശങ്ങൾ

സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ/സ്വകാര്യ സ്ഥാപനങ്ങളിലെ രണ്ടായിരത്തിൽപ്പരം ഒഴിവുകളിലേക്ക് സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരി സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്ററും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ചെന്നൈയിലെ ദക്ഷിണ മേഖലാ ബോർഡ് ഓഫ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗും ചേർന്ന് **ബിടെക് ആൻഡ് ഡിപ്ലോമ** അപ്രന്റീസുകളെ തിരഞ്ഞെടുക്കുന്നു.

## യോഗ്യത

ബിടെക്, ത്രിവത്സര പോളിടെക്നിക്ക് ഡിപ്ലോമ പാസ്സായി **അഞ്ച് വർഷം** കഴിയാത്തവർക്കും അപ്രന്റീസ് ആക്ട് പ്രകാരം പരിശീലനം ലഭിക്കാത്തവർക്കുമാണ് അവസരം.

## സ്റ്റൈപ്പന്റ്

കുറഞ്ഞത് ബിടെക് –9000/- രൂപ. ഡിപ്ലോമ –8000/- രൂപ. ട്രെയിനിങ്ങിനു ശേഷം കേന്ദ്ര ഗവൺമെന്റ് നൽകുന്ന പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റ് അഖിലേന്ത്യ തലത്തിൽ തൊഴിൽ പരിചയമായി പരിഗണിച്ചിട്ടുള്ളതാണ്

## ഇന്റർവ്യൂന് ഹാജരാക്കേണ്ട രേഖകളും മറ്റു വിവരങ്ങളും

- എസ് ഡി സെന്ററിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞതിനുശേഷം ഇമെയിൽ മുഖേന ലഭിച്ച രജിസ്ട്രേഷൻ കാർഡിന്റെ സോഫ്റ്റ്കോപ്പി
- സർട്ടിഫിക്കറ്റുകളുടെയും മാർക്ക്‌ലിസ്റ്റുകളുടെയും അസ്സലും, പകർപ്പുകളും, വിശദമായ ബയോഡാറ്റയുടെ പകർപ്പുകളും സഹിതം **ഒക്ടോബർ 7–ാം തീയതി രാവിലെ 8.00 മണിക്ക്** ഇന്റർവ്യൂന് ഹാജരാകണം.
- അപേക്ഷകൻറെ ഇഷ്ടാനുസരണം ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ ഇന്റർവ്യൂവിന് പങ്കെടുക്കാം.
- പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിന് അനുസൃതമായി മാർക്‌ലിസ്റ്റുകൾ,സർട്ടിഫിക്കറ്റുകൾ,ബയോഡാറ്റ എന്നിവയുടെ പകർപ്പുകൾ കരുതേണ്ടതാണ്..
- നിലവിൽ രജിസ്റ്റർ ചെയ്തവർ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല. മെയിൽ മുഖേന ലഭിച്ച രജിസ്ട്രേഷൻ കാർഡുമായി(സോഫ്റ്റ്കോപ്പി) ഇന്റർവ്യൂന് പങ്കെടുക്കാവുന്നതാണ്
- ഇന്റർവ്യൂ നടക്കുന്ന ദിവസം **സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കും.**
- ബോർഡ് ഓഫ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗിന്റെ നാഷണൽ വെബ് പോർട്ടൽ ആയ **mhrd.nats.gov.in** ൽ രജിസ്റ്റർ ചെയ്തവർക്കും പങ്കെടുക്കാവുന്നതാണ്
- പങ്കെടുക്കുന്ന കമ്പനികളുടെ വിശദാംശങ്ങൾക്ക് **www.sdcentre.org** എന്ന വെബ്സൈറ്റ് സന്ദർശിക്കുക .

| | |
|---|---|
| **സ്ഥലം** | **: ഗവൺമെന്റ് പോളിടെക്നിക് കോളേജ്,കളമശ്ശേരി** |
| **സ്പോർട്ട് രജിസ്ട്രേഷൻ സമയം** | : **8:00 AM** മുതൽ **11:00 AM** വരെ |
| **തീയതി** | **: 07.10.2023** |
| **വിഭാഗം** | : എല്ലാ ബിടെക്, ഡിപ്ലോമ ബ്രാഞ്ചുകൾ |
| **ഫോൺ** | **: 0484 2556530 .** |
| **ഇമെയിൽ ഐഡി** | **: sdckalamassery@gmail.com** |

പങ്കെടുക്കുന്ന കമ്പനികളുടെയും ഒഴിവുകളുടെയും വിവരങ്ങൾ , ഇന്റർവ്യൂമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ **www.sdcentre.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ് .